**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1475** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി മണ്ഡലത്തിലെ കുമ്പളങ്ങി ചെല്ലാനം പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൊച്ചി നിയോജക മണ്ഡലത്തിലെ പ്രധാന പരമ്പരാഗത തെങ്ങുകൃഷി മേഖലകളായ കുമ്പളങ്ങി ചെല്ലാനം ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ കൃഷിവകുപ്പിന്റെ കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** തീരദേശ-കായലോര മേഖലകളിലെ തെങ്ങുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ കോക്കനട്ട് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പഞ്ചായത്തുകളിലേക്ക് പുതിയതായി കേരഗ്രാമം പദ്ധതി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**(സി)** കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി കൃഷിഭവനുകൾ മുഖേന പ്രത്യേക പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ ഭരണാനുമതി എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇല്ല.

**(ഡി)** കുമ്പളങ്ങി, ചെല്ലാനം മേഖലകളിൽ കേരകൃഷി നേരിടുന്ന രോഗ-കീട ബാധകൾ പരിഹരിക്കുന്നതിന് സംയോജിത കീട-രോഗ നിയന്ത്രണ സംവിധാനങ്ങളും ശാസ്ത്രീയ വളപ്രയോഗവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** കുമ്പളങ്ങി ചെല്ലാനം ഗ്രാമപഞ്ചായത്തുകളിൽ 2026-27 സാമ്പത്തിക വർഷം ജനകീയാസൂത്രണം പദ്ധതിയിൽപെടുത്തി തെങ്ങിന്റെ കീടരോഗ ബാധ നിയന്ത്രിക്കുന്നതിനുള്ള പദ്ധതിവിഹിതം വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ് .

**(ഇ)** ഉപ്പുരസമുള്ള മണ്ണിലും മികച്ച വിളവ് തരുന്ന ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ, ഇടവിള കൃഷി പ്രോത്സാഹനം, തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവയ്ക്ക് പ്രത്യേക സബ്സിഡി ലഭ്യമാക്കാൻ കൃഷിവകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉപ്പ് രസമുള്ള മണ്ണിലും മികച്ച വിളവ് തരുന്ന തെങ്ങിൻ തൈകൾ കുമ്പളങ്ങി ചെല്ലാനം പഞ്ചായത്തുകളിൽ കൃഷി വകുപ്പ് മുഖേന എല്ലാവർഷവും ഹൈബ്രിഡ് കുള്ളൻ നെടിയ ഇനം തൈകൾ 50% സബ്സിഡിയിൽ വിതരണം ചെയ്യുന്നുണ്ട്. ഇടവിള കൃഷി ചെയ്യുന്നതിന് ടിഷ്യൂ കൾച്ചർ വാഴതൈകൾ മണ്ണിലെ വളക്കൂർ കൂട്ടുന്നതിന് മൾച്ചിങ് ക്രോപ്പ് എന്നിവ വിതരണം ചെയ്യുന്നുണ്ട്. തെങ്ങുകയറ്റ യന്ത്രങ്ങൾ അനുവദിക്കുന്നതിന് SMAM മുഖാന്തരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**(എഫ്)** കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക്, നാളികേരത്തിന്റെ ശാസ്ത്രീയ സംഭരണം, സംസ്കരണം, വിപണനം എന്നിവ ഉറപ്പാക്കാൻ കൃഷിവകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയിലൂടെ തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുന്നതിനാവശ്യമായ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പദ്ധതിയുടെ ഫലമായി നാളികേര ഉൽപ്പാദനം വർധിക്കുന്ന മുറയ്ക്ക് നാളികേരത്തിന്റെ സംഭരണം, സംസ്കരണം, മൂല്യവർധനവ്, വിപണനം എന്നിവ ഉറപ്പുവരുത്തുന്നതിനായി കൃഷിവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തുടനീളം വിവിധ FPO-കൾ, FPC-കൾ, FIG-കൾ, MSME യൂണിറ്റുകൾ, കൃഷിക്കൂട്ടങ്ങൾ, സർവീസ് സഹകരണ സംഘങ്ങൾ എന്നിവയ്ക്കു പുറമേ മറ്റു ഏജൻസികളും നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) കേരള മുഖേനയും നാളികേരം ഉൾപ്പെടെയുള്ള കാർഷിക വിളകളുടെ മൂല്യവർധനവിൽ അധിഷ്ഠിതമായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. SFAC കേരളയ്ക്കു കീഴിൽ RKVY-FPC രൂപീകരണ പദ്ധതി പ്രകാരം രൂപീകരിച്ച 5 FPC-കളും RKVY-FPO ശാക്തീകരണ പദ്ധതി പ്രകാരമുള്ള 5 FPC-കളും 10,000 FPO പദ്ധതി പ്രകാരമുള്ള 21 FPC-കളും നാളികേരത്തിൽ നിന്നുള്ള വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചുവരുന്നു. കൂടാതെ, SFAC കേരള മുഖേന ആനുകൂല്യം ലഭിച്ച 18 MSME യൂണിറ്റുകളും നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ, തേങ്ങാച്ചമ്മന്തിപ്പൊടി, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ഇളനീർ ജ്യൂസ്, ഫ്രഷ് കോക്കനട്ട്, ശീതീകരിച്ച വറ്റൽത്തേങ്ങ, ശീതീകരിച്ച അരിഞ്ഞ തേങ്ങ തുടങ്ങിയ വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഇവർ നിർമ്മിച്ചുവരുന്നു.

കേരഗ്രാമം പദ്ധതിയുടെ ഭാഗമായി തെങ്ങുകൃഷിയുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനൊപ്പം ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന് മെച്ചപ്പെട്ട വിപണി ഉറപ്പാക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി സംഭരണം, സംസ്കരണം, മൂല്യവർധനവ്, വിപണനം എന്നിവയുമായി ബന്ധപ്പെട്ട അനുബന്ധ പദ്ധതികളും കർഷകർ പ്രയോജനപ്പെടുത്തി വരുന്നു.

**(ജി)** വിനോദസഞ്ചാര പ്രാധാന്യമുള്ള കുമ്പളങ്ങി, ചെല്ലാനം പ്രദേശങ്ങളിൽ കേരകർഷക കൂട്ടായ്മകൾ വഴി നാളികേര മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനും വിലയിടിവിൽ നിന്ന് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ചെല്ലാനം ഗ്രാമപഞ്ചായത്തിൽ കേരകർഷക കൂട്ടായ്മകൾ വർദ്ധിപ്പിക്കാൻ നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കേരകർഷകരുടെ കൂട്ടായ്മയായ കേരശ്രീ ഗ്രൂപ്പിന്

2025-26 സാമ്പത്തിക വർഷത്തിൽ ആത്മ ഫണ്ട് വിനിയോഗിച്ച് കോക്കനട്ട് ഡ്രയർ നൽകിയിട്ടുണ്ട്. പ്രസ്തുത ഗ്രൂപ്പ് നിലവിൽ എഫ്.പി.ഒ (FPO) മുഖേന വെളിച്ചെണ്ണ വിൽപ്പന നടത്തി വരുന്നുണ്ട്.

കുമ്പളങ്ങി പഞ്ചായത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**